# നവകർതൃത്വങ്ങൾ

ജെ. രഘു

സാമൂഹ്യവ്യവസ്ഥയും അതിൽ പ്രവർത്തിക്കുന്നവരുടെ പ്രയോഗങ്ങളും തമ്മിൽ നേർക്കുനേർ പൊരുത്തമുണ്ടെന്ന ധാരണ ഇന്ന് തകർന്നിരിക്കുകയാണ്. മനുഷ്യപ്രയോഗങ്ങളെ ഏതെങ്കിലും സാമ്പത്തിക-രാഷ്ട്രീയ സന്ദർഭങ്ങളുടെയും താത്പര്യങ്ങളുടെയും പ്രതിഫലനമായി ചുരുക്കാനാവില്ല. ഹ്യൂമനിസം സിദ്ധാന്തീകരിച്ച 'സാർവലൗകിക മനുഷ്യകർതൃത്വ'ത്തിന്റെ മൂർത്തീരൂപമെന്ന നിലയ്ക്കാണ് ക്ലാസിക്കൽ സാമൂഹ്യപ്രസ്ഥാനങ്ങളെ നിർവചിച്ചിരുന്നത്. ആദർശാത്മകവും പുരോഗമനപരവുമായ 'ഉല്പാദനശക്തി'കളുടെ അനുസ്യൂത വികാസത്തെ തടയുന്നു എന്നതിന്റെ പേരിലാണ് മാർക്സ് മുതലാളിത്തത്തെ വിമർശിച്ചത്. 'ചരിത്രത്തിന്റെ വികാസനിയമ'ങ്ങളുടെ കാര്യവാഹകരും ഏജന്റുമാരുമെന്ന നിലയ്ക്കാണ് മാർക്സിസം തൊഴിലാളിവർഗ്ഗ/ക്ലാസിക്കൽ-സാമൂഹ്യപ്രസ്ഥാനങ്ങളെ നിർവചിച്ചത്. ഈ വികാസനിയമങ്ങളുടെ 'ആന്തരാർത്ഥം' അറിയാനും വ്യാഖ്യാനിക്കാനും കഴിയുന്നത് സാമൂഹ്യപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുന്നവർക്കല്ല, മറിച്ച് രാഷ്ട്രീയ-ധൈഷണിക വിഭാഗത്തിനാണ്. ഈ വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടി/ കമ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വം അതിനാൽ സാമൂഹ്യപ്രസ്ഥാനങ്ങൾക്കു നേതൃത്വം നല്കേണ്ട 'ആത്യന്തികപ്രസ്ഥാന'ത്തിന്റെ പദവിയിലേക്കുയർത്തപ്പെട്ടു. സാമൂഹ്യപ്രസ്ഥാനങ്ങളെ രാഷ്ട്രീയനേതൃത്വത്തിനു കീഴ്പ്പെടുത്തുന്ന ഒരു വ്യവഹാരമാണ് മാർക്സിസവും ക്ലാസിക്കൽ സാമൂഹ്യശാസ്ത്രവും ആവിഷ്കരിച്ചത്.

ഈ രാഷ്ട്രീയാധിപത്യത്തിനെതിരായ പ്രതിഷേധവും കലാപവുമാണ് 'നവസാമൂഹ്യപ്രസ്ഥാന'ങ്ങളെ സാധ്യമാക്കിയത്. പഴയ രീതിയിലുള്ള സംഘടിതവും സമഗ്രവുമായ സാമൂഹ്യപ്രസ്ഥാനങ്ങൾ അസാധ്യമാവുകയും Ulrich Beck നിരീക്ഷിക്കുന്നതുപോലെ 'Sub-politics' വികസിക്കുകയും ചെയ്യുന്ന ഒരു ചരിത്രസന്ദർഭത്തിലാണ് നാം ജീവിക്കുന്നത്. Eric Hobsbawm-ന്റെ 'primitive rebels' നെ 'enlightened revolutionaries' ആയി സംസ്കരിച്ചെടുക്കുന്ന രാഷ്ട്രീയ പാർട്ടികളെയും കേഡർമാരെയും നിരാകരിച്ചുകൊണ്ടാണ്, നവസാമൂഹ്യപ്രസ്ഥാനങ്ങൾ രൂപം കൊണ്ടത്. ഉന്നതവും ബാഹ്യവുമായ ഒരു 'തത്വ'ത്തിന്റെ സാധൂകരണം ആവശ്യമില്ലാത്തതും സ്വയം നീതീകരിക്കാവുന്നതുമായ ഒരു 'കർതൃത്വ'ത്തെക്കുറിച്ചുള്ള സങ്കല്പമാണ് ഈ സാമൂഹ്യപ്രസ്ഥാനങ്ങളെ 'നവ'മാക്കുന്നത്.

> **നവസാമൂഹ്യപ്രസ്ഥാനങ്ങൾ 'വൈവിധ്യം', 'ബഹുത്വം', 'വ്യതിരിക്തത', 'ഭിന്നത' തുടങ്ങിയ സംവർഗങ്ങൾക്ക് പ്രാധാന്യം നല്കുന്നത്. ഭിന്നതകളെ സമീകരിക്കുകയല്ല, മറിച്ച് 'ഭിന്നതകളുടെ സമത്വ'മാണ് വേണ്ടതെന്ന് നവസാമൂഹ്യപ്രസ്ഥാനങ്ങൾ വാദിക്കുന്നു.**

പാശ്ചാത്യ പ്രബുദ്ധതാപ്രസ്ഥാനത്തിന്റെ കാലംതൊട്ട്, 'സാർവലൗകികയുക്തി'യുടെ മൂർത്തീരൂപമായിട്ടാണ് 'കർതൃത്വത്തെ' സങ്കല്പിച്ചിരുന്നത്. സമൂഹത്തിനും ജീവിതത്തിനും അതീതമായി നില്ക്കുന്ന ഒരു അധികാരസ്വരൂപമായി സിദ്ധാന്തവൽക്കരിക്കപ്പെട്ട ഈ കർതൃത്വ സങ്കല്പത്തിനെതിരെയാണ്, 20- നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ യൂറോപ്യൻ ചിന്തകർ യുദ്ധം പ്രഖ്യാപിച്ചത്. മനുഷ്യപ്രവർത്തനങ്ങളെ, അതീതചരിത്രതത്വങ്ങളുടെ മൂർത്തീകരണമായി ചുരുക്കുന്ന ചിന്താവ്യവസ്ഥകൾക്കുണ്ടായ വിശ്വാസത്തകർച്ചയാണ് 'death of the subject' എന്ന ആശയത്തെ സാധ്യമാക്കിയത്. എന്നാൽ, 'Struggle and dissent' എന്ന അർത്ഥത്തിൽ കർതൃത്വത്തെ പുനർസിദ്ധാന്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് നവസാമൂഹ്യ പ്രസ്ഥാനങ്ങൾ വിരൽ ചൂണ്ടുന്നത്.

സ്വാതന്ത്ര്യവും സ്വത്വബഹുത്വവും അവകാശങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടി വ്യക്തികൾ നടത്തുന്ന കലാപങ്ങളിലൂടെയാണ് കർതൃത്വം രൂപം കൊള്ളുന്നത്. പൂർവനിശ്ചിതവും സിദ്ധവുമായ ഉള്ളടക്കം അതിനില്ല. വ്യക്തികളിൽ 'കുടികൊള്ളുന്ന' ആത്മാവ്, 'സത്ത' തുടങ്ങിയ അർത്ഥത്തിലല്ല, കർതൃത്വമെന്നുപയോഗിക്കുന്നത്. എല്ലാത്തരം അധികാരത്തിനുമെതിരെ നിരന്തരം കലാപം ചെയ്യാൻ വ്യക്തികളെ സന്നദ്ധമാക്കുന്ന ഒരു 'വിമതമൂല്യം' എന്നതാണ് കർതൃത്വത്തിന്റെ വിവക്ഷ. ഈ subject ഒരു empty subject ആണ്. അധികാരത്തിന്റെ നാനാവിധങ്ങളായ

ബലപ്രയോഗങ്ങൾക്കെതിരായ പ്രതിരോധങ്ങളിലൂടെ സംഭവിക്കുന്ന ഒരു 'becoming' ആണ് ഈ subject എന്നതാണതിനു കാരണം.

ഈ കർതൃത്വ സങ്കല്പമാണ്, നവസാമൂഹ്യപ്രസ്ഥാനങ്ങളുടെ നിർവചനതത്വം. ക്ലാസിക്കൽ 'emancipatory poli-

**സവർണാധീശത്വത്തിന്റെ ആധുനിക രാഷ്ട്രീയ ഉപകരണമായ 'ഇന്ത്യ'യെന്ന ദേശരാഷ്ട്രത്തിന്റെ സംരക്ഷകരാകുന്ന നവസാമൂഹ്യപ്രസ്ഥാനങ്ങൾ നവമല്ലാതാവുകയും പ്രതിലോമ സംഘങ്ങളായി മാറുകയുമാണ് ചെയ്യുന്നത്. ഇവർ നടത്തുന്ന 'ദേശീയ പ്രക്ഷോഭങ്ങൾ' വാസ്തവത്തിൽ സവർണാധിപത്യത്തിന്റെ പ്രച്ഛന്നരൂപങ്ങൾ മാത്രമാണ്.**

tics' നുപകരം അത് മുന്നോട്ടുവയ്ക്കുന്നത് 'life politics' ആണ്. ഈ രാഷ്ട്രീയം സമത്വമെന്ന ആശയത്തെ അപ്രസക്തമാക്കുന്നുവെന്ന് വിമർശനമുണ്ട്. സാമൂഹ്യമായ ഏകീകരണത്തിനും ജീവിതവൈവിധ്യങ്ങളുടെ അടിച്ചമർത്തലിനുമാണ്, സമത്വവാദം മിക്കപ്പോഴും ഇടയാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് നവസാമൂഹ്യപ്രസ്ഥാനങ്ങൾ 'വൈവിധ്യം', 'ബഹുത്വം', 'വ്യതിരിക്തത', 'ഭിന്നത' തുടങ്ങിയ സംവർഗങ്ങൾക്ക് പ്രാധാന്യം നല്കുന്നത്. ഭിന്നതകളെ സമീകരിക്കുകയല്ല, മറിച്ച് 'ഭിന്നതകളുടെ സമത്വ'മാണ് വേണ്ടതെന്ന് നവസാമൂഹ്യപ്രസ്ഥാനങ്ങൾ വാദിക്കുന്നു.

അധീശശക്തികൾക്കും അവരെ സാധൂകരിക്കുന്ന സാമൂഹ്യശാസ്ത്ര സംവർഗങ്ങൾക്കും നവസാമൂഹ്യപ്രസ്ഥാനങ്ങളെ പിന്തുണയ്ക്കാൻ കഴിയുമെന്ന വസ്തുത നാം വിസ്മരിക്കരുത്. സാമ്പത്തികമേഖല രാഷ്ട്രീയാധികാരത്തിൽ നിന്ന് ഏറെക്കുറെ സ്വതന്ത്രമായതിനാൽ, അധികാരിവർഗ്ഗങ്ങളും ജാതികളും തങ്ങളുടെ രാഷ്ട്രീയാധിപത്യം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഈ വിഭാഗമാണ് ഇന്ന് ആഗോളവൽക്കരണത്തിനെതിരെ 'ദേശീയപരമാധികാര'ത്തിന്റെ മുദ്രാവാക്യം ഉയർത്തുന്നത്. ഈ മുദ്രാവാക്യത്തിന്റെ 'കെണി'യിൽ വീണുപോയ നവസാമൂഹ്യപ്രസ്ഥാനങ്ങളെ പിന്തുണയ്ക്കാനും സ്പോൺസർ ചെയ്യാനും ഇന്ത്യയിലെ സവർണ ഹൈന്ദവ ശക്തികൾ തയ്യാറായിട്ടുണ്ട്. ജലചൂഷണം, വൻകിട അണക്കെട്ടുകൾ, പേറ്റന്റ് ബിൽ, കരിമണൽഖനനം, എക്സ്പ്രസ് ഹൈവേ തുടങ്ങിയ പ്രക്ഷോഭങ്ങളെ 'ദേശീയപരമാധികാര' സംരക്ഷണമായി കാണുന്ന സമീപനമാണ് മിക്ക നവസാമൂഹ്യപ്രസ്ഥാനങ്ങൾക്കുമുള്ളത്. ഇന്ത്യയുടെ ദേശീയ പരമാധികാരത്തിനെതിരായ അധിനിവേശമായിട്ടാണ് ഇവർ ആഗോളവൽക്കരണത്തെ കാണുന്നത്. സവർണാധീശത്വത്തിന്റെ ആധുനിക രാഷ്ട്രീയ ഉപകരണമായ 'ഇന്ത്യ'യെന്ന ദേശരാഷ്ട്രത്തിന്റെ സംരക്ഷകരാകുന്ന നവസാമൂഹ്യപ്രസ്ഥാനങ്ങൾ നവമല്ലാതാവുകയും പ്രതിലോമ സംഘങ്ങളായി മാറുകയുമാണ് ചെയ്യുന്നത്. ഇവർ നടത്തുന്ന 'ദേശീയ പ്രക്ഷോഭങ്ങൾ' വാസ്തവത്തിൽ സവർണാധിപത്യത്തിന്റെ പ്രച്ഛന്നരൂപങ്ങൾ മാത്രമാണ്.

വർഗ്ഗവും രാഷ്ട്രവുമുൾപ്പെടെ എല്ലാ സമഗ്രാധികാര രൂപങ്ങളെയും അവിശ്വസിയ്ക്കുകയും 'കർതൃവ്യക്തി'യുടെ വ്യതിരിക്തതയിലും സ്വാതന്ത്ര്യത്തിലും ഊന്നുകയും ചെയ്യുന്ന പ്രസ്ഥാനങ്ങളെ മാത്രമേ നിഷ്കൃഷ്ടമായ അർത്ഥത്തിൽ നവസാമൂഹ്യപ്രസ്ഥാനങ്ങൾ എന്നു നിർവചിക്കാനാവൂ. സ്ത്രീ പ്രസ്ഥാനങ്ങൾ, ലൈംഗിക വൈവിധ്യാവകാശ പ്രസ്ഥാനങ്ങൾ, അധഃസ്ഥിത-ദലിത് പ്രസ്ഥാനങ്ങൾ എന്നിവ ഈയർത്ഥത്തിൽ നവസാമൂഹ്യപ്രസ്ഥാനങ്ങളാണെന്നു പറയാം. ഇവ ഒരർത്ഥത്തിൽ, 'നൈതികപ്രസ്ഥാനങ്ങൾ'കൂടിയാണ്.

**കേരളീയത്തിൽ പ്രതീക്ഷിക്കുക**

**പ്ലാച്ചിമട** പരിസ്ഥിതി, വികസനം
രാഷ്ട്രീയം, ഭാവി

ഡോ. സതീഷ് ചന്ദ്രൻ, സി. ആർ. പരമേശ്വരൻ

**പെരിയാർ/ഏലൂർ വ്യവസായമേഖല**

സി. ജയകുമാർ, റിവർ കീപ്പർ ജോസ്, ജി. ആനന്ദ്
തുടങ്ങിയവർ എഴുതുന്നു

CENTRE FOR
POST GRADUATE STUDIES

P.G. Centre

**North Bus Stand, Thrissur-20**
Ph: 2338983, 2331714
e-mail: trc_postgrad@sancharnet.in

ADMISSION OPEN

**MBA**
**MCA**
**MSc** BIO-INFORMATICS

**M.A.** Journalism &
Mass Communication

**SENSORIUM**
N. P. Complex, Mannathu Lane,
M.G. Road, THRISSUR
Ph: 0487-2320478, 9447020478